പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T.4403 25.10.2016 ൽ മറുപടിക്ക്.

## ആരോഗ്യ ഇൻഷ്വറൻസ്-കാരുണ്യ ബെനവലന്റ് ഫണ്ട് സംയോജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ഡോ.ടി.എം.തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ ഇൻഷ്വറൻസും (എ & ബി) (ആർ.എസ്.ബി.വൈ.) കാരുണ്യ ബെനവലന്റ് ഫണ്ടും കൂട്ടിയോജിപ്പിച്ച് ഒറ്റ പദ്ധതിയായി നടത്താൻ ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;<br>(ബി) എങ്കിൽ ഇതിന് വേണ്ടി ഇതുവരെ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | 18.01.2016 ലെ G.O(Ms)No.6/2016/TD നമ്പർ ഉത്തരവ് പ്രകാരം 'സമ്പൂർണ്ണ ആരോഗ്യ കേരളം' എന്ന പേരിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ആർ.എസ്.ബി.വൈ ഉൾപ്പെടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ആരോഗ്യ ധനസഹായ പദ്ധതികളെല്ലാം സംയോജിപ്പിച്ച് ഒറ്റ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ആക്കുന്നതിന് ലക്ഷ്യമിടുന്നതായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ 01.01.2016 ന് ശേഷമുള്ള മന്ത്രിസഭാ യോഗ തീരുമാനങ്ങൾ പുനഃപരിശോധിക്കാനുള്ള തീരുമാനപ്രകാരം ടി വിഷയം മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ